Gk/07

<u>ഊർജ്ജ സേന</u>

വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ ഏലൂർ പഞ്ചായത്ത് രൂപീകരിച്ച താണ് "ഊർജ്ജ സേന". പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള പഞ്ചായത്ത് എജ്യൂക്കേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം രൂപം കൊണ്ടതാണ് ഊർജ്ജസേന. പഞ്ചായത്തിലെ മുന്നൂറ് വിദ്യാർത്ഥിക ളെ അംഗങ്ങളാക്കി ആരംഭിച്ച പദ്ധതിയിൽ ഇന്ന് ഇരുന്നൂറ്റി അൻപത് സ്ഥിരാംഗങ്ങൾ ഉണ്ട്. പഞ്ചായത്തിലെ രണ്ടായിരത്തോളം വരുന്ന വീടുകളിലെ വൈദ്യുതി ഉപഭോഗ രീതികൾ, വൈദ്യുത ഉപഭോഗ തോത്, വൈദ്യുതി ഉപഭോഗം കൂട്ടുന്ന പഴയ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ സർവ്വേ എടുക്കലാണ് ഊർജ്ജസേനയി ലെ വിദ്യാർത്ഥികളുടെ പ്രധാന ദൗത്യം.

പഴക്കം ചെന്ന ഉപകരണങ്ങൾ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുമെ ന്നും, ഫിലമെന്റ് ബൾബുകൾക്ക് പകരം സി എഫ് എൽ ബൾബുകൾ ഉപയോഗിക്കണമെന്ന നിർദ്ദേശങ്ങളും, ബോധവത്ക്കരണവും ഓരോ വീടുകളിലും ചെന്ന് വിദ്യാർത്ഥികൾ നൽകുന്നുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി രണ്ടായിരം വീടുകൾക്ക് സൗജന്യമായി പഞ്ചായത്ത് സി എഫ് എൽ ലാമ്പുകളും നൽകിയി ട്ടുണ്ട്.

ഊർജ്ജസേനയുടെ മികവുറ്റ പ്രവർത്തനങ്ങളുടെ ഭാഗമായി പത്തു ലക്ഷം യൂണിറ്റ് വൈദ്യുതി ഒരു വർഷത്തിനുള്ളിൽ ലാഭിക്കാൻ കഴി ഞ്ഞു എന്ന ഏറ്റവും ശ്രമകരമായ നേട്ടം കൈവരിക്കാനായ പഞ്ചായ ത്താണ് ഏലൂർ പഞ്ചായത്ത്.

ഇതു കൂടാതെ പഞ്ചായത്ത് എജ്യുക്കേഷൻ കമ്മിറ്റിയുടെ ഭാഗമായി ഇക്കഴിഞ്ഞ ബാലചലച്ചിത്രോത്സവത്തിൽ 'കൂടു തേടുന്നവർ' എന്ന പേരിൽ പഞ്ചായത്ത് നിർമ്മിച്ച ചലച്ചിത്രം ചലച്ചിത്രോത്സവത്തിൽ ശ്രദ്ധ നേടുകയുണ്ടായി.

ഇതിനെല്ലാത്തിനുമപ്പുറം ജൈവ വൈവിധ്യ രജിസ്റ്റർ ഉണ്ടാക്കുന്ന എറണാകുളം ജില്ലയിലെ ആദ്യത്തെ പഞ്ചായത്തു കൂടിയാണ് ഏലൂർ പഞ്ചായത്ത്. വികസന പ്രവർത്തനങ്ങളും മലിനീകരണവും ആവാസ്ഥ വ്യവസ്ഥയിലുണ്ടാക്കിയ മാറ്റം പഴയ തലമുറയിൽപ്പെട്ട ആളുകളുടെ സഹായത്തോടുകൂടി മനസ്സിലാക്കി നഷ്ടപ്പെട്ടതും, എണ്ണം കുറഞ്ഞതും, പുതുതായി രംഗ പ്രവേശനം ചെയ്തതുമായ സസ്യങ്ങളുടേയും

ജന്തുക്കളുടേയും പട്ടിക തയ്യാറാക്കി. ആ ജീവജാലങ്ങളെ തിരികെ ആവാസ്ഥ വ്യവസ്ഥയുടെ ഭാഗമാക്കാൻ സാധിക്കുമോ എന്ന ശ്രമമാണ് ജൈവ വൈവിധ്യ രജിസ്റ്ററിലൂടെ പഞ്ചായത്ത് മുന്നോട്ടു വെക്കുന്ന ആശയം.

ജില്ല - എറണാകുളം
പഞ്ചായത്ത് - ഏലൂർ
പ്രസിഡന്റ് - സി. പി.ഉഷ
ഫോൺ - 989508052
0484 -2545559